(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(ഡി) എന്നത്തേക്ക് പണി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) അപകടനിലയിലായ ഒരു ഡക്ക് സ്ലാബ് പുതുക്കി പണിയുന്നതിനും മറ്റ് അറ്റകുറ്റപ്രവൃത്തികൾക്കുമുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 60 ലക്ഷം രൂപയോളം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിച്ചതിനുശേഷമേ പണി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുകയുള്ളൂ.

മൊയ്തു പാലവും പഴയങ്ങാടി പാലവും

85 (2285) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മൊയ്തു പാലവും പഴയങ്ങാടി പാലവും അപകടാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഈ പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി&സി) അപകടാവസ്ഥയിലായ മൊയ്തു പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ 2010-11 വാർഷിക പദ്ധതിയിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലമെടുപ്പിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് 303.75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ ഫാസ്റ്റ് ട്രാക്കിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിന് സർവ്വെ നടപടികൾ പൂർത്തിയായി. വില നിശ്ചയിക്കുന്ന പ്രക്രിയ പുരോഗതിയിലാണ്. പുതിയ പാലം നിർമ്മിക്കുന്നതിന് 16.90 കോടി രൂപയുടെ അടങ്കൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പഴയങ്ങാടി പാലം പുനർനിർമ്മിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ

186 (2286) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന, ഈസ്റ്റ് എളേരി പഞ്ചായത്തുകളിൽ മലബാർ സ്പെഷ്യൽ പാക്കേജിൽപ്പെടുത്തി അനുവദിച്ച തോട്ടുകര, കൊല്ലാട, നെടുങ്കല്ല് എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വളരെ ഏറെ വൈകുന്നതിന്റെ കാരണവും വ്യക്തമാക്കുമോ ?

ഉത്തരം

പടന്ന പഞ്ചായത്തിലെ തോട്ടുകര പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഈസ്റ്റ് എളേരി പഞ്ചായത്തിലെ കൊല്ലാട നെടുങ്കല്ല് എന്നീ പാലങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. രണ്ടു പണികൾക്കും സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ പണി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

പുതിയ മന്ത്രി മന്ദിരങ്ങൾ

187 (2287) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ മന്ത്രിമാരുടെ താമസത്തിനായി എത്ര പുതിയ മന്ത്രിമന്ദിരങ്ങളാണ് പണി കഴിച്ചുകൊണ്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) എവിടെയൊക്കെയാണ് ഈ മന്ദിരങ്ങൾ നിർമ്മിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ മന്ത്രിമാരുടെ താമസത്തിനായി ആറ് മന്ത്രിമന്ദിരങ്ങളാണ് പണി കഴിപ്പിച്ചുകൊണ്ടിരിക്കുന്നത്.

(ബി) നിർമ്മാണത്തിലിരിക്കുന്ന ആറ് മന്ദിരങ്ങളിൽ നാല് എണ്ണം കന്റോൺമെന്റ് ഹൗസ് പരിസരത്തും, എസ്സൻഡൻസ്, ലിൻഡസ്റ്റ് എന്നീ ബംഗ്ലാവുകളുടെ പരിസരത്ത് ഓരോ മന്ദിരങ്ങളുമാണ് പൂർത്തിയായി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly